**പുസ്തകങ്ങൾ നിങ്ങളുടെ മനസ്സിനെ തുറന്നിടുന്നു. വിശാലമാക്കുന്നു. മറ്റൊന്നിനും കഴിയാത്തവണ്ണം ശക്തമാക്കുന്നു. ഏപ്രിൽ മാസത്തിൽ രണ്ട് പുസ്തക ദിനങ്ങളുണ്ട്. ഏപ്രിൽ 2 ലോക ബാലപുസ്തക ദിനവും ഏപ്രിൽ 23 ലോക പുസ്തക ദിനവുമാണ്.**




## ലോക ബാലപുസ്തക ദിനം ഏപ്രിൽ 2

## ലോക പുസ്തക ദിനം ഏപ്രിൽ 23

കൊച്ചു കൂട്ടുകാരുടെ വായനയെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ 1962 മുതലാണ് ലോക ബാലപുസ്തക ദിനം ആചരിച്ചു വരുന്നത്.

വിശ്വപ്രസിദ്ധ സാഹിത്യകാരനായ ഹാൻസ് ക്രിസ്റ്റ്യൻ ആൻഡേഴ്സന്റെ ജന്മദിനമാണ് ഏപ്രിൽ രണ്ട് അദ്ദേഹം കുട്ടികൾക്കു വേണ്ടി കഥകളും നോവലുകളും എഴുതി. ഇന്റർനാഷണൽ ബോർഡ് ഓഫ് ബുക്സ് ഫോർ യംങ് പീപ്പിൾ (IBBY) എന്ന സംഘടനയാണ് ബാലപുസ്തക ദിനാചരണത്തിന് നേതൃത്വം നൽകുന്നത്.

നന്മയും അറിവും സാഹിത്യാഭിരുചിയും ഭാഷാ ശേഷിയുമെല്ലാം വളർത്താനുള്ള കുട്ടികൾക്കു വേണ്ടിയുള്ള സാഹിത്യ രൂപങ്ങളെയാണ് ബാല സാഹിത്യം എന്നു പറയുന്നത്. 18-ാം നൂറ്റാണ്ടിന് മുമ്പ് കുട്ടികൾക്ക് മാത്രമായി തയ്യാറാക്കിയ ഭാവനാസമ്പന്നമായ കൃതികൾ വിരളമായിരുന്നു.

തന്റെ ഫെയ്റി ടൈൽസുകളുമായി ആൻഡേഴ്സൺ രംഗത്തെത്തിയതോട് കൂടിയാണ് യൂറോപ്പിൽ ബാല സാഹിത്യ മേഖല വളർച്ച നേടിയത്.

അക്ഷരം കേട്ടു തുടങ്ങുന്ന, വാക്കുകൾ കൂട്ടിയുച്ചരിക്കാനാവാത്ത ചെറുപ്രായത്തിൽ തന്നെ നാം മാതാപിതാക്കളിൽ നിന്നോ മുത്തശ്ശിമാരിൽ നിന്നോ കഥകൾ കേട്ടു തുടങ്ങുന്നു.

അങ്ങനെ കേട്ടു പഠിച്ചതും പിന്നീട് മറന്നതുമായ ധാരാളം വായ്മൊഴി കഥകൾ ചെറിയ ചെറിയ തിരുത്തലുകളോടെ പിന്നീട് നാം പുസ്തകങ്ങളിൽ നിന്നും വായിക്കുന്നു.

ഇന്നത്തെ കൂട്ടുകാർക്ക് മുമ്പുള്ളവരെപ്പോലെ മുത്തശ്ശിക്കഥകൾ കേൾക്കാനുള്ള അവസരങ്ങൾ കുറവാണ്. ഇന്ന് കൂടുതലും അവ നേരിട്ടുള്ള വായനയിലൂടെത്തന്നെ മാത്രമേ കുട്ടികൾക്ക് ലഭിക്കുകയുള്ളൂ.

പുരാതന ഭാരതത്തിലെ ആദ്യ ബാല സാഹിത്യകൃതിയായി അറിയപ്പെടുന്ന പഞ്ചതന്ത്രം കഥകൾ, കുട്ടികളിൽ ഭാവനയും സാഹസിക മനോഭാവവും ആത്മ വിശ്വാസവും വളർത്താനുപകരിക്കുന്ന ആലീസ് ഇൻ വണ്ടർലാൻഡ്,

ചെന്നായക്കൂട്ടം എടുത്തു വളർത്തിയ മൗഗ്ലി എന്ന കുട്ടിയുടെ കഥകൾ അടങ്ങിയ ജംഗിൾബുക്ക്, ജൊനാഥൻ സ്വിഫ്ടിന്റെ ഗളിവേഴ്സ് ട്രാവൽസ്, വിക്രമാദിത്യ കഥകൾ... തുടങ്ങി ബാലസാഹിത്യ ക്ലാസിക്കുകളൊക്കെ കൂട്ടുകാർ വായിച്ചിട്ടുണ്ടാകുമല്ലോ?

ഇല്ലെങ്കിൽ ഈ അവധിക്കാലത്ത് മാതാപിതാക്കൾ മുഖേനയോ നാട്ടിലെ വായനശാല വഴിയോ ഇവയൊക്കെ സംഘടിപ്പിച്ച് വായിക്കാൻ ശ്രദ്ധിക്കണം.

**ഏപ്രിൽ 23 ലോക പുസ്തക ദിനമാണ്. 1995- ൽ യുനെസ്കോയാണ് ഈ ദിനം പ്രഖ്യാപിച്ചത്.**

പുസ്തകങ്ങൾ സംസ്കാരത്തിന്റെ നിധി ശേഖരങ്ങളാണ്. അറിവിന്റെയും അനുഭവങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട പുസ്തകങ്ങളുടെ വായനയിലൂടെ വിശാലമായ ഒരു ലോകത്തേക്കാണ് നാം പ്രവേശിക്കുക. 1616- ഏപ്രിൽ 23- ന് പ്രശസ്ത സ്പാനിഷ് എഴുത്തുകാരനായ മിഗ്വൽഡി സെർവാന്റസിന്റെ മരണത്തെ തുടർന്ന് അദ്ദേഹത്തിന്റെ ചരമദിനത്തിൽ പുസ്തകങ്ങൾ പരസ്പരം കൈമാറുന്ന ഒരു രീതി സ്പെയിനിലെ ജനങ്ങൾ ആചരിച്ചു വന്നിരുന്നു.

ഇതിൽ നിന്നും ആവേശം ഉൾക്കൊണ്ട് ലോക പ്രശസ്ത എഴുത്തുകാരനും നാടകകൃത്തും നാടക നടനുമായ വില്യം ഷേക്സ്പിയറുടെ ജന്മ ദിന






വും ചരമദിനവും കൂടിയായ ഏപ്രിൽ 23 ലോക പുസ്തകദിനമായി യുനെസ്കോ തെരഞ്ഞെടുക്കുകയായിരുന്നു.

മനുഷ്യ ജീവിതത്തിന്റെ വിവിധ മുഖങ്ങൾ അനാവരണം ചെയ്യുന്ന അനശ്വര കഥാപാത്രങ്ങളാണ് ഷേക്സ്പിയറിന്റെ നാടകങ്ങളിലുള്ളത്.

ബൗദ്ധിക നർമ്മങ്ങൾ വാരി വിതറിയ നാടകങ്ങളും അവയിലെ തത്വജ്ഞാനങ്ങൾ നിറഞ്ഞ സംഭാഷണ ശകലങ്ങളും കവികളെ ഓർമിപ്പിക്കുന്ന രചനാ പാടവുമെല്ലാം ഷേക്സ്പിയർ കൃതികളുടെ പ്രത്യേകതകളാണ്.

ഇംഗ്ലണ്ടിലെ ആവോൺ തീരത്തുള്ള പട്ടണത്തിൽ 1564- ഏപ്രിൽ 23-ന് ജനിച്ച ഷേക്സ്പിയർ ദാരിദ്ര്യം മൂലം പഠനം നിലച്ചപ്പോൾ 13-ാം വയസ്സിൽ സമീപ ഗ്രാമത്തിലെ വീട്ടിൽ വേലക്കാരനായിരുന്നു.

പിന്നീട് ജീവിതമാർഗം തേടി ലണ്ടനിലെത്തിയ അദ്ദേഹം ഒരു നാടക പ്രേമിയായ പ്രഭുവിന്റെ കുതിര വണ്ടിക്കാരനായി. പ്രഭുവിനോടൊപ്പം നാടകശാലയിൽ തങ്ങുന്ന ഷേക്സ്പിയർ ആദ്യം അവിടത്തെ സഹായിയായും ആവശ്യം വന്നപ്പോൾ നടനും എഴുത്തുകാരനും രചയിതാവുമായി മാറുകയായിരുന്നു.

പ്രശസ്തനായ അദ്ദേഹം ഇംഗ്ലണ്ടിലെ രാജകൊട്ടാരത്തിലെ വരെ ആരാധന പാത്രമായി മാറി. പിന്നീട് ലോക പ്രശസ്തനായി മാറുകയായിരുന്നു. 1616 ഏപ്രിൽ 23-നാണ് ഷേക്സ്പിയർ മരണമടഞ്ഞത്.

• നാദിയ നജ്‌വ. എ.കെ